പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

11.6.2013 ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 643

# കൊച്ചി സ്മാർട്ട് സിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. അൻവർ സാദത്ത് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| എ) കൊച്ചി സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചറിന് പാട്ടത്തിന് നൽകുവാനുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്തു. ഈ ഭൂമിക്ക് ഒറ്റ സെസ് പദവി കേന്ദ്ര ഗവൺമെന്റിന്റെ ബോർഡ് ഓഫ് അപ്രൂവലിന്റെ പരിഗണനയിലാണ്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 1 MLD ജലം നൽകുന്നതിനാവശ്യമായ നടപടികൾ കിൻഫ്രയും 10 MVA വൈദ്യുതി അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡും സ്വീകരിച്ചുവരുന്നു. 2013 ജൂലൈ 1-ാം തീയതി മുതൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) സ്മാർട്ട്സിറ്റിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വ്യത്യസ്ത നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന് പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 6 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജൂലായിൽ പണി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) സർക്കാർ എന്തുതുക സ്മാർട്ട് സിറ്റിക്ക് വേണ്ടി നൽകിയിട്ടുണ്ട് : | സി) സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്മാർട്ട് സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | ഡി) | സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും ഒറ്റസെസ്സ് പദവി അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) | പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഇ) | സ്മാർട്ട്സിറ്റി പദ്ധതിയുടെ കോൺസെപ്റ്റ് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ